**ഭരണഭാഷ – മാതൃഭാഷ'**

പട്ടികജാതി വികസന വകുപ്പ് ചീഫ് പബ്ലിസിറ്റി ഓഫീസറുടെ കാര്യാലയം
അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം -695003
ഫോൺ: 0471-2315375. email-cposcdd@gmail.com

---

**No.C.P.O. 192/2021** **തീയതി : 17/09/2021**

**ചീഫ് പബ്ലിസിറ്റി ഓഫീസർ**

ഡയറക്ടർ ,
പട്ടികജാതി വികസന വകുപ്പ്
തിരുവനന്തപുരം.

സർ,

വിഷയം: പട്ടികജാതി വികസനം - ഡോ. ബി. ആർ. അംബേദ്കർ മാധ്യമ അവാർഡ് 2021 അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്

സൂചന : പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 15/09/2021 ലെ SCDD/9757/2021 B3(Dev.B) നമ്പർ കത്ത്.

2021 ഡോ.ബി.ആർ.അംബേദ്ക്കർ മാദ്ധ്യമ അവാർഡിന്റെ വിജ്ഞാപനം വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു. വിജ്ഞാപനം ഇതോടോപ്പം ഉള്ളടക്കം ചെയ്യുന്നു.

**വിശ്വസ്തതയോടെ**

**(ഒപ്പ്)**

**ചീഫ് പബ്ലിസിറ്റി ഓഫീസർ**

## ഡോ. ബി. ആർ. അംബേദ്കർ മാധ്യമ അവാർഡ്- 2021 അപേക്ഷ ക്ഷണിക്കുന്നു.

പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച മികച്ച റിപ്പോർട്ടിനുള്ള ഡോ. ബി. ആർ. അംബേദ്കർ മാധ്യമ അവാർഡിന് അപേക്ഷ ക്ഷണിക്കുന്നു. പട്ടികജാതി വികസന വകുപ്പാണ് അവാർഡ് നൽകുന്നത്. അച്ചടി, ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലെ മികച്ച റിപ്പോർട്ടുകൾക്കാണ് അവാർഡ്.

**2020 ആഗസ്റ്റ് 16 മുതൽ 2021 ആഗസ്റ്റ് 15** വരെയുള്ള കാലയളവിലെ റിപ്പോർട്ടുകളും പ്രോഗ്രാമുകളുമാണ് അവാർഡിന് പരിഗണിക്കുക. അച്ചടി മാധ്യമങ്ങളിലെ വാർത്ത/ ഫീച്ചർ/ പരമ്പര എന്നിവയുടെ 5 പകർപ്പുകൾ ന്യൂസ് എഡിറ്ററുടെ സാക്ഷ്യപത്രം സഹിതം ലഭ്യമാക്കണം. ദൃശ്യ മാധ്യമങ്ങളിൽ നിന്നുള്ള എൻട്രികൾ ന്യൂസ് സ്റ്റോറിയോ കുറഞ്ഞത് അഞ്ച് മിനിട്ടെങ്കിലും ദൈർഘ്യമുള്ള വാർത്താധിഷ്ഠിത പരിപാടിയോ ഡോക്യുമെന്ററിയോ ആയിരിക്കണം. ഡി.വി.ഡി ഫോർമാറ്റിലുള്ള എൻട്രി (5 കോപ്പികൾ), ന്യൂസ് എഡിറ്ററുടെ സാക്ഷ്യപത്രം, എൻട്രിയെക്കുറിച്ചുള്ള ലഘുവിവരണം, അപേക്ഷകരുടെ ഫോട്ടോ, ഫോൺ നമ്പർ എന്നിവ സഹിതം ലഭ്യമാക്കണം.

ശ്രാവ്യ മാധ്യമങ്ങൾ സംപ്രേക്ഷണം ചെയ്ത പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തെ സംബന്ധിക്കുന്ന എല്ലാവിധ പ്രോഗ്രാമുകളും അവാർഡിന് പരിഗണിക്കും. എൻട്രികൾ സി.ഡി യിലാക്കി ലഘുവിവരണം, പ്രക്ഷേപണം ചെയ്ത നിലയത്തിലെ പ്രോഗ്രാം ഡയറക്ടറുടെ സാക്ഷ്യപത്രം എന്നിവ സഹിതം ലഭ്യമാക്കണം. എൻട്രികൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി **18/10/2021**. എൻട്രികൾ ചീഫ് പബ്ലിസിറ്റി ഓഫീസർ, പട്ടികജാതിവികസന വകുപ്പ്, അയ്യങ്കാളിഭവൻ, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം-3 എന്ന വിലാസത്തിൽ അയച്ചുതരേ താണ്.

ഫോൺ നമ്പർ : 0471-2315375

(ഒപ്പ്)

**ചീഫ് പബ്ലിസിറ്റി ഓഫീസർ**